*ഭരണഭാഷ- മാതൃഭാഷ*

**അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**ഗവൺമെന്റ് സെൻട്രൽ പ്രസ്സ്**
**തിരുവനന്തപുരം -695 001**
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorprinting@yahoo.com

നം. 1350/2020/ഇ1/ഡി.പി

തീയതി : 20.01.2020

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - റിപ്പബ്ലിക് ദിനാഘോഷം 2020- ജീവനക്കാർ പങ്കെടുക്കുന്നതിന് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 20.01.2020 ലെ 5 (6) പി.ഒ.എൽ-5/2020/ജി.എ.ഡി. നമ്പർ കത്ത് പ്രകാരമുള്ള മിനിറ്റ്സ്.

റിപ്പബ്ലിക്ദിനം എല്ലാ വർഷവും സമുചിതമായും, ആകർഷകമായും സർക്കാർ ആഘോഷിച്ചു വരുന്നു. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വർഷവും പുറപ്പെടുവിക്കുകയും ചെയ്യാറുണ്ട്. ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന ദിനാഘോഷങ്ങൾക്ക് പരമാവധി സർക്കാർ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നും എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2020-ലെ റിപ്പബ്ലിക് ദിനാഘോഷം സമുചിതമായി നടത്തുന്നതിനുവേണ്ടി ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.01.2020-ൽ ചേർന്ന യോഗത്തിൽ തിരുവനന്തപുരം ഗവ: സെൻട്രൽ പ്രസ്സിൽ അന്നേ ദിവസം (26.01.2020) രാവിലെ 7 മണി മുതൽ 11 വരെ സെറൺ നിർത്തിവയ്ക്കേണ്ടതാണെന്നും കൂടാതെ റിപ്പബ്ലിക് ദിനാഘോഷം സംബന്ധിച്ച രേഖകൾ അച്ചടിക്കുവാൻ വരുന്ന പക്ഷം അവയ്ക്ക് മുൻഗണന നൽകി സമയബന്ധിതമായി അച്ചടിച്ച് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ട് അച്ചടിക്കേണ്ട പാസ്സ് ഉൾപ്പെടെ എല്ലാ ഇനങ്ങളുടെയും അച്ചടി 22.01.2020-നകം പൂർത്തിയാക്കേണ്ടതാണ്. ഈ വിഷയത്തിൽ തിരുവനന്തപുരം **ഗവൺമെന്റ് സെന്റട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)** ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2020 ലെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ ഗാനം ആലപിക്കുന്നതിനും ദേശീയ പതാക ഉയർത്തുന്നതിനും അച്ചടി വകുപ്പിലെ എല്ലാ ജീവനക്കാരും അന്നേ ദിവസം (26.01.2020) യഥാസമയം അതത് കാര്യാലയങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

**അച്ചടി വകുപ്പ് ഡയറക്ടർ**

പകർപ്പ്: എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും /
ഡയറക്ടറുടെ സി.എ./ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി,.എ./
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)/ അസിസ്റ്റന്റ് സൂപ്രണ്ട് / സെക്യൂരിറ്റി ഓഫീസർ/
**ചീഫ് ടൈം കീപ്പർ / ഫയൽ / കരുതൽ ഫയൽ**